(സി) ആയത് സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

ബാധകമല്ല.

റവന്യൂ വകുപ്പിൽനിന്നും ഉന്നത വിദ്യാഭ്യാസ വകുപ്പിന് ഭൂമി കൈമാറുന്ന നടപടിക്രമങ്ങൾ

351 (961) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശൂർ നിയോജകമണ്ഡലത്തിലെ തോലന്നൂർ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി പതിനാല് ഏക്കർ ഭൂമി റവന്യൂ വകുപ്പിൽനിന്നും ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്ന നടപടിക്രമങ്ങളുടെ പുരോഗതി അറിയിക്കാമോ?

പാലക്കാട് ജില്ലയിൽ ആലത്തൂർ താലൂക്കിൽ കുത്തന്നൂർ 1 വില്ലേജിലുൾപ്പെട്ടതും ബ്ലോക്ക് നമ്പർ 10-ൽ റീസർവ്വേ നമ്പർ 209/2, 210 എന്നിവയിലായി ഉൾപ്പെട്ടു വരുന്നതുമായ 5.3052 ഹെക്ടർ ഭൂമി ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് നിർമ്മിക്കുന്നതിന് ഉന്നത വിദ്യാഭ്യാസവകുപ്പിന് 23-2-2021-ലെ സ.ഉ.(കൈ)നമ്പർ 78/2021/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം അഡ്വാൻസ് പൊസഷൻ നൽകി ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഭൂമി ഉന്നതവിദ്യാഭ്യാസ വകുപ്പിന് കൈമാറി റിപ്പോർട്ട് ചെയ്യുന്നതിന് ആലത്തൂർ തഹസിൽദാർക്ക് പാലക്കാട് ജില്ലാ കളക്ടർ നിർദേശം നൽകിയിട്ടുള്ളതും ആയതിൻ പ്രകാരം നടപടി സ്വീകരിച്ചുവരുന്നതുമാണ്.

എൻ.ജി.ഒ. ക്വാർട്ടേഴ്സ് ഫ്ലാറ്റ് നിർമ്മാണം

352 (962) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം ജില്ലാ ആസ്ഥാനത്ത് കോടതി സമുച്ചയം നിർമ്മിക്കുന്നതിന് എൻ.ജി.ഒ. ക്വാർട്ടേഴ്സ് വക സർക്കാർ ഭൂമി വിട്ടുനൽകിയിട്ടുള്ള സാഹചര്യത്തിൽ എൻ.ജി.ഒ. ക്വാർട്ടേഴ്സിലെ താമസക്കാരായിരുന്ന ജീവനക്കാരുടെ പുനരധിവാസത്തിനായി ഫ്ലാറ്റ് നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനായി നടപടി സ്വീകരിച്ചു വരുന്നുണ്ടോ; ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം എൻ.ജി.ഒ. ക്വാർട്ടേഴ്സ് ഫ്ലാറ്റ് നിർമ്മാണത്തിനായി 4216-01-106-98 ശീർഷകത്തിൽ 2302.10 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly